പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1220 — 7.06.2018-ൽ മറുപടിക്ക്

## എം. സി. റോഡ് നവീകരണപ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ലോകബാങ്ക് സഹായത്തോടെയുള്ള എം. സി. റോഡ് നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; | (എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന എം. സി. റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ (SCDP) റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി). കെ. എസ്. ടി. പി. അധികൃതരുടെ ഭാഗത്ത് നിന്നുള്ള അലംഭാവം കാരണം നിർമ്മാണം വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) രേഖാമൂലം ആരും ആക്ഷേപം പറഞ്ഞിട്ടില്ല. |
| (സി). റോഡിന്റെ അപാകത മൂലം നിലമേൽ മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് നിർമ്മാണം വൈകുന്നതായും അപകട മരണങ്ങൾ കൂടുന്നതായും കണ്ടെത്തിയിട്ടുണ്ടോ; | (സി) റോഡിന്റെ അപാകത മൂലം അപകടമരണങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉപരിതലം പുതുക്കൽ പൂർത്തിയായ ഭാഗങ്ങളിൽ വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എം.സി. റോഡ് നവീകരണം വൈകുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കുവാൻ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി തീരുമാനിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) എം.സി റോഡ് നവീകരണം വൈകുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കാൻ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി തീരുമാനിച്ചിട്ടുള്ളതായി ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. അങ്ങിനെ പോകാൻ പോലീസ് അധികാരിയ്ക്ക് അധികാരമില്ല. |

| | |
|---|---|
| (ഇ) എം.സി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് കെ.എസ്.ടി.പി യ്ക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ഇ) എം.സി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയായി വരുന്നുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ